മി. സ്പീക്കർ : Now you resume your seat.

ശ്രീ. എ. കെ. ബാലൻ : ഇത്രയും വളരെ പ്രധാനപ്പെട്ട ഒരു കേസുമായി ബന്ധപ്പെട്ട് ഒരു മന്ത്രിയോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെസ്പോണ്ടന്റായ ഒരു കേസിൽ ക്യാബിനറ്റ് റാങ്കിലുള്ളവർ റെസ്പോണ്ടന്റായാൽ അഡ്വക്കേറ്റ് ജനറൽ ഹാജരാകണമെന്നുള്ളത് കൺവെൻഷനാണ്. റൂൾസിലും അത് പറയുന്നുണ്ട്. എന്തുകൊണ്ടാണ് വിൽഫുളായിട്ടുള്ള ഒരു നടപടി ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിന്റെ ഭാഗത്ത് നിന്ന് വന്നത് എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് ഇവിടെയുണ്ട്. അദ്ദേഹത്തിന് ഇവിടെ ഒരു കസേരയുമുണ്ട്.

മി. സ്പീക്കർ : Now you resume your seat. That is all.

ശ്രീ. എ.കെ. ബാലൻ : ഞാൻ ഇരിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഡ്രാഗ് ചെയ്യുന്ന കേസിൽ, മുഖ്യമന്ത്രി എതിർകക്ഷിയാകുന്ന കേസിൽ എന്തുകൊണ്ടാണ് അഡ്വക്കേറ്റ് ജനറൽ ഹാജരാകാതിരുന്നത് ? ഇത് റൂൾ 133-മായി ബന്ധപ്പെട്ടതാണ്.

മി. സ്പീക്കർ : അത് ഒരിക്കൽ പറഞ്ഞല്ലോ.

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട സ്പീക്കർ കോംപീറ്റന്റാണ്. ഏത് കേസ് കോടതിയിലായാലും if your mind is inclined..... അതേ പ്രശ്നമുള്ളു. ഏതും നമുക്ക് ഇവിടെ ചർച്ച ചെയ്യാം. ഒരു ബാറുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട.....

മി. സ്പീക്കർ : അതുകൊണ്ടല്ലേ ശ്രീ. ബാലനെ പറയാൻ അനുവദിച്ചത് ? ശ്രീ. ബാലൻ നിർത്തില്ല എന്നുവച്ചാൽ എന്ത് ചെയ്യാനാണ് ?

ശ്രീ. എ. കെ. ബാലൻ : അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ആവശ്യമാണ്.

മി. സ്പീക്കർ : എനിക്ക് അതിൽ റൂളിംഗില്ല. ഗവൺമെന്റ് വക്കീൽ ഹാജരായില്ലെങ്കിൽ ഗവൺമെന്റ് നടപടിയെടുക്കണം. That is all.

V PAPERS LAID ON THE TABLE

Minister for Finance and Excise (Shri K. Sankaranarayanan) : Sir, I lay on the Table the Report of the Comptroller and Auditor General of India (Civil) for the year ended 31st March 2002, Government of Kerala.

LIBRARY ARCHIVES Kerala Legislative Assembly